# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 951

29.09.2016 -ൽ മറുപടിക്ക്

## പ്രകൃതിക്ഷോഭത്തിന് ഇരയാകുന്ന മത്സ്യത്തൊഴിലാളികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.അടൂർ പ്രകാശ്<br>ശ്രീ.പി.ടി.തോമസ്<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | പ്രകൃതിക്ഷോഭത്തിന് ഇരയാകുന്ന മത്സ്യത്തൊഴിലാളികൾക്ക് അടിയന്തര ധനസഹായ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | പ്രകൃതിക്ഷോഭത്തിന് ഇരയാകുന്ന മത്സ്യത്തൊഴിലാളികൾക്ക് അടിയന്തര ധനസഹായം നൽകുന്ന പദ്ധതിക്ക് ഫിഷറീസ് വകുപ്പ് രൂപം നൽകിയിട്ടില്ല. നിലവിൽ പ്രകൃതിക്ഷോഭത്തിൽ വള്ളവും, വലയും, എൻജിനും നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളിക്ക് ധനസഹായം അനുവദിക്കുന്നത് ജില്ലാ കളക്ടർ മുഖേനയാണ്. കൂടാതെ പ്രകൃതിക്ഷോഭം മൂലം ദുരിതം അനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബോർഡ് മുഖേന ചെയർമാൻസ് റിലീഫ് സ്കീം എന്ന പദ്ധതിയും നടപ്പിലാക്കിവരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിന്ശേഷം ഇപ്പോൾ മഴക്കാല കെടുതികളിൽപ്പെട്ട മത്സ്യബന്ധനയാനങ്ങളും മത്സ്യബന്ധനോപാധികളും നഷ്ടപ്പെട്ട എല്ലാ മത്സ്യബന്ധന ഗ്രൂപ്പുകൾക്കും ഗ്രൂപ്പൊന്നിന് പരമാവധി 100000 രൂപ വരെ ധനസഹായം അനുവദിക്കുന്നതിന് തീരുമാനമായിട്ടുണ്ട്. അപ്രകാരം ധനസഹായം നൽകുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ എല്ലാവിധ ദുരന്തങ്ങളിലും പെട്ട് മത്സ്യബന്ധനയാനങ്ങളും മത്സ്യബന്ധനോപാധികളും നഷ്ടപ്പെടുന്നതിന് നഷ്ടപരിഹാരം അനുവദിക്കുവാൻ പര്യാപ്തമായ ഒരു സമഗ്ര ഇൻഷ്വറൻസ് പദ്ധതിയ്ക്ക് രൂപം കൊടുക്കുന്നതിനും സർക്കാർ ആലോചിച്ചുവരികയാണ്. |

| | | | |
|---|---|---|---|
| (ബി) | എത്ര രൂപ വരെയാണ് ധനസഹായമായി നൽകുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | പ്രകൃതിദുരന്തത്തിന് ഇടയാകുന്ന മത്സ്യത്തൊഴിലാളികൾക്ക് State Disaster Response Fund പ്രകാരം ബന്ധപ്പെട്ട ജില്ലാ കളക്ടർ താഴെ പറയും പ്രകാരം നഷ്ടപരിഹാരം അനുവദിക്കുന്നുണ്ട്.<br>1. ഭാഗികമായി നശിക്കുന്ന ബോട്ടുകൾക്ക് 4,100/- രൂപ<br>2. ഭാഗികമായി നശിക്കുന്ന വലകൾക്ക് 2,100/- രൂപ<br>3. പൂർണ്ണമായും നശിച്ച ബോട്ടുകൾക്ക് 9,600/- രൂപ<br>4. പൂർണ്ണമായും നശിച്ച വലകൾക്ക് 2,600/- രൂപ<br>കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന ധനസഹായം 500/- രൂപ മുതൽ 5,000/-രൂപ വരെ, അപകടത്തിന്റെ/ദുരിതത്തിന്റെ തീവ്രത അനുസരിച്ച്, അനുവദിക്കുന്നുണ്ട്. |
| (സി) | പദ്ധതി നടപ്പിൽ വരുത്തുന്നതിന് ഭരണതലത്തിൽ ഏർപ്പെടുത്തിയ സംവിധാനങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ? | (സി) | പ്രകൃതി ദുരന്തത്തിൽ ഉണ്ടായ നഷ്ടം കണക്കാക്കി ജില്ലാ ഫിഷറീസ് ഓഫീസർ ജില്ലാ കളക്ടർക്ക് സമർപ്പിക്കുന്ന ശുപാർശയുടെ അടിസ്ഥാനത്തിലാണ് ജില്ലാ കളക്ടർ തുക അനുവദിക്കുന്നത്. അപകടങ്ങളെപ്പറ്റിയും നാശനഷ്ടങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ ലഭിച്ചാലുടനെ തന്നെ ബന്ധപ്പെട്ട കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് ഉദ്യോഗസ്ഥന്മാർ സ്ഥലം സന്ദർശിച്ച് ധനസഹായം അനുവദിക്കുന്നതാണ്. ധനസഹായത്തുക അടിയന്തര സന്ദർഭങ്ങളോടനുബന്ധിച്ച് ഉടനടി വിതരണം ചെയ്യാൻ പറ്റാതെ വരുന്ന സന്ദർഭങ്ങളിൽ നിശ്ചിത ഫോറത്തിൽ അപേക്ഷ തയ്യാറാക്കി ഫിഷറീസ് ഓഫീസർക്ക് സമർപ്പിക്കുന്നതനുസരിച്ച് നടപടി സ്വീകരിക്കുന്നുണ്ട്. |

[signature]

സെക്ഷൻ ഓഫീസർ